(ബി) നിലവിൽ പെരുമ്പാവൂർ ഇൻസ്പെക്ടർമാരുടെ സേവന വ്യവസ്ഥകൾ അവസാനമായി പരിഷ്കരിച്ചത് എന്നാണ് ; പകർപ്പ് ലഭ്യമാക്കാമോ ;

(സി) പൊതുജനാരോഗ്യത്തിന് കൂടുതൽ പങ്കാളിത്തം നൽകുന്നതിന് അധികാരപരിധി വർദ്ധിപ്പിച്ചു നൽകുന്നതിന് നിലവിലെ നിയമത്തിൽ പരിഷ്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പെരുമ്പാവൂർ ഇൻസ്പെക്ടർമാരുടെ സേവന വ്യവസ്ഥകൾ 9-12-2003-ലെ ജി.ഒ.(പി) നമ്പർ. 254/2003/ആ.കു.വ ഉത്തരവ് പ്രകാരം പരിഷ്ക്കരിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) ശുപാർശ വരിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

ഗ്രാമീണ പെരുമ്പാവൂർ സെന്ററുകളിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

48 (6753) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗ്രാമീണ മേഖലയിലെ പെരുമ്പാവൂർ സെന്ററുകളിൽ പകർച്ച രോഗങ്ങൾ തടയുന്നതിന് കൂടുതലായി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

ഗ്രാമീണ മേഖലയിൽ പെരുമ്പാവൂർ സെന്ററുകളിൽ പകർച്ചവ്യാധി രോഗങ്ങൾ തടയുന്നതിന് താൽക്കാലികമായി കൂടുതൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഓരോ ജില്ലകളിലെ ഗ്രാമീണ മേഖലയിലെ പെരുമ്പാവൂർ സെന്ററുകളിൽ ജില്ലാ മെഡിക്കൽ ആഫീസർ വഴി നിയമിച്ച ഇപ്പോൾ നിലവിലുള്ളവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം	–	17
കൊല്ലം	–	15
പത്തനംതിട്ട	–	35
കോട്ടയം	–	39
ഇടുക്കി	–	44
ആലപ്പുഴ	–	70

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം	–	29
തൃശ്ശൂർ	–	33
പാലക്കാട്	–	35
മലപ്പുറം	–	46
കോഴിക്കോട്	–	6
വയനാട്	–	39
കണ്ണൂർ	–	63
കാസർഗോഡ്	–	33
ആകെ		504

കണ്ണൂർ ജില്ലയിലെ ജെ.പി.എച്ച്.എൻ, ജെ.എച്ച്.ഐ. സ്ഥലം മാറ്റം

49 (6754) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ആരോഗ്യ വകുപ്പിൽ 2014-ലെ പൊതുസ്ഥലം മാറ്റത്തിന് ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ. വിഭാഗത്തിൽനിന്നും അപേക്ഷ ലഭിച്ചവരുടെ ലിസ്റ്റ് മുൻഗണനാ പ്രകാരം ആവശ്യപ്പെട്ട സ്ഥലങ്ങൾ സഹിതം വ്യക്തമാക്കുമോ ;

(ബി) കരട് ലിസ്റ്റിൽ മുൻഗണന പ്രകാരം അപേക്ഷിക്കാത്ത സ്ഥലങ്ങളിൽ ആരെയൊക്കെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(സി) കരട് ലിസ്റ്റിലെ അപാകതകൾക്കെതിരെ പരാതി നല്കിയവരുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ഡി) കരട് ലിസ്റ്റിലെ അപാകതകൾ സംബന്ധിച്ച് പരാതി നല്കിയവരുടെ പരാതി പരിശോധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഇ) കരട് ലിസ്റ്റിനെ സംബന്ധിച്ച് പരാതി നല്കിയവർ ആവശ്യപ്പെട്ട സ്ഥലങ്ങളിലേക്ക്, പരാതി നല്കിയവരേക്കാൾ ജൂനിയറായ ആൾക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ കാരണം വിശദമാക്കാമോ ;

(എഫ്) ടി ലിസ്റ്റിലെ ആക്ഷേപങ്ങൾ പരിഹരിച്ച് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉത്തരവ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) യഥാക്രമം അനുബന്ധം 'എ' യും 'ബി' യുമായി ചേർത്തിട്ടുണ്ട്. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly